# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/35904/2014 തൈക്കാട്, തിരുവനന്തപുരം

തീയതി: 16/02/2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) ഫെബ്രുവരി 2015 - 2014 ആഗസ്റ്റ് മാസത്തിൽ അഡ്മിഷൻ നേടിയ ഒന്നാം സെമസ്റ്റർ (റഗുലർ) ട്രെയിനികളുടെ MIS PORTAL മുഖാന്തിരം പ്രിൻറ് ചെയ്ത് ലഭിക്കുന്നത് ഹാൾ ടിക്കറ്റുകൾ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ പരിശോധിച്ച് അവരുടെ കീഴിൽ വരുന്ന സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന : 26/12/2014 തീയതിയിലെ ജി1/35904/2014 നമ്പർ വിഞ്ജാപനം

സൂചനയിലെ വിഞ്ജാപന പ്രകാരം 2015 ഫെബ്രുവരി മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (റഗുലർ) ട്രെയിനികളുടെ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് വേണ്ടി അപേക്ഷകൾ ക്ഷണിച്ചിരുന്നു. ട്രെയിനികളുടെ അപേക്ഷയുടെ രണ്ട് പകർപ്പുകളും ടി അപേക്ഷകൾ ഓൺ ലൈൻ മുഖാന്തിരം രേഖപ്പെടുത്തിയതിൻെറ PRINT OUT , അഡ്മിഷൻ ക്ലോസ്സിംഗ് ലിസ്റ്റ് എന്നീ രേഖകളുമായി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. കളിൽ ഹാജരാകാനായിരുന്നു. എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും നിർദ്ദേശം നൽകിയിരുന്നത്. ഇപ്രകാരം എല്ലാ രേഖകളും പരിശോധിച്ച് ഉറപ്പാക്കിയ ശേഷം അപേക്ഷകൾ സ്വീകരിക്കുവാനും ഓൺ ലൈൻ മുഖാന്തിരം ലഭിക്കുന്ന PRINT OUT ൽ ശുപാർശ രേഖപ്പെടുത്തി പരീക്ഷാ സെക്ഷനിൽ ഇ മെയിൽ മുഖാന്തിരം അറിയിക്കാനുമായിരുന്നു സൂചനയിലെ വിഞ്ജാപന പ്രകാരം അറിയിപ്പ് നൽകിയിരുന്നത്.

എന്നാൽ 2015 ഫെബ്രുവരി മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (റഗുലർ) പരീക്ഷകളിൽ പങ്കെടുക്കുന്ന ട്രെയിനികളുടെ ഹാൾ ടിക്കറ്റുകൾ MIS PORTAL മുഖാന്തിരമാണ് വിതരണം നടത്തുന്നതെന്ന് ഡി.ജി.ഇ.റ്റി. അറിയിച്ചിരിക്കുന്നു. ഇതിൻ പ്രകാരം 2014 ആഗസ്റ്റ് മാസത്തിൽ അഡ്മിഷൻ നേടിയ എല്ലാ ട്രെയിനികളുടെ വിവരങ്ങളും MIS PORTAL ൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തിയിരുന്നു.

ഇപ്രകാരം രേഖപ്പെടുത്തിയ ട്രെയിനികൾ അഡ്മിഷൻ ക്ലോസ്സ് ചെയ്തതിൽ ഉൾപ്പെട്ടതാണോ എന്നും സൂചന പ്രകാരമുള്ള വിഞ്ജാപനം അനുസരിച്ച് അപേക്ഷ സമർപ്പിച്ച ട്രെയിനികളാണോ എന്നും വ്യക്തമായി പരിശോധിച്ചിട്ടില്ല. ആയതിനാൽ ഹാൾ ടിക്കറ്റ് പരിശോധനയ്ക്കായി എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ട്രെയിനികളുടെ അഡ്മിഷൻ ക്ലോസ്സ് ചെയ്ത ലിസ്റ്റിന്റെ പകർപ്പും ഓൺ ലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിച്ചതിന്റെ PRINT OUT എന്നീ രേഖകളുമായി അവർ മുൻപ് അപേക്ഷ മാനുവലായി സമർപ്പിച്ചിട്ടുള്ള നോഡൽ ഐ.ടി.ഐ. യിൽ **18/02/2015 ന് രാവിലെ 9.00 മണിക്ക് തന്നെ ഹാജരാകേണ്ടതാണ്.**

ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. യുടെയും അതിന്റെ കീഴിൽ വരുന്ന സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. കളുടെയും ഹാൾ ടിക്കറ്റുകൾ PDF ഫയലിലാക്കി ഇതിനോടോപ്പം അയയ്ക്കുന്നു. ഹാൾ ടിക്കറ്റിൽ എന്തെങ്കിലും അപാകതകൾ (സ്ഥാപനത്തിന്റെ പേര്, ട്രെയിനിയുടെ പേര്, അഫിലിയേഷൻ ഉത്തരവ് നമ്പർ തുടങ്ങിയവ) ഉണ്ടെങ്കിൽ പരീക്ഷയ്ക്ക് ശേഷം പരിഹരിക്കുന്നതാണെന്ന് MIS Section അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി അപാകതകൾ ടി പരീക്ഷയ്ക്ക് ബാധകമാക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അപാകതകൾ ഉണ്ടെങ്കിൽ ഡി.ജി.ഇ.റ്റി യുടെ നിർദ്ധിഷ്ട ഫോർമാറ്റിൽ misitdkerala@gmail.com എന്ന ഇ മെയിൽ അഡ്രസ്സിൽ ഹാൾ ടിക്കറ്റ് വിതരണത്തിന് ശേഷം അറിയിക്കേണ്ടതാണ്.

MIS PORTAL മുഖേന ലഭിക്കുന്ന ഹാൾ ടിക്കറ്റുകൾ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ താഴെ പറയുന്ന നിർദ്ദേശപ്രകാരം വ്യക്തമായി

പരിശോധിച്ചതിന് ശേഷം മാത്രമേ ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് വിതരണം നടത്താവു എന്ന് അറിയിക്കുന്നു.

1. അഡ്മിഷൻ ക്ലോസ്സ് ചെയ്ത ലിസ്റ്റിൻെറ പകർപ്പ്, ഓൺ ലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിച്ചതിൻെറ PRINT OUT ൻെറ പകർപ്പ് തുടങ്ങിയ രേഖകളുമായി 18/02/2015 ന് രാവിലെ 9.00 മണിക്ക് നേരിട്ട് ഹാജരാകുവാൻ എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ടി രേഖകൾ ഹാൾ ടിക്കറ്റുമായി പരിശോധിക്കേണ്ടതാണ്. പരിശോധനയിൽ ഹാൾ ടിക്കറ്റ് ലഭിച്ച ട്രെയിനി അഡ്മിഷൻ ക്ലോസ്സ് ചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നും പരീക്ഷയ്ക്ക് മാനുവലായി അപേക്ഷ സമർപ്പിച്ച ട്രെയിനിയാണെന്നും ഉറപ്പാക്കിയ ശേഷം ഹാൾ ടിക്കറ്റുകളിൽ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിൻെറ ഒപ്പും ഔദ്യോഗിക സീലും പതിപ്പിക്കേണ്ടതാണ്. കൂടാതെ ഹാൾ ടിക്കറ്റ് വിതരണം ചെയ്യുന്ന ട്രെയിനിക്ക് 80% ഹാജർ നേടിയിട്ടുണ്ടോയെന്നും ഉറപ്പാക്കേണ്ടതാണ്.

2. ഇപ്രകാരം സീൽ പതിപ്പിച്ച ഹാൾ ടിക്കറ്റുമായി ഹാജരാകുന്ന ട്രെയിനികളെ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളു.

3. പരിശോധനയിൽ ഹാൾ ടിക്കറ്റിലെ ട്രെയിനി അഡ്മിഷൻ ക്ലോസ്സ് ചെയ്ത ലിസ്റ്റിലോ മാനുവലായി അപേക്ഷ സമർപ്പിച്ച ട്രെയിനിയല്ലായെങ്കിൽ ടി ട്രെയിനിയുടെ ഹാൾ ടിക്കറ്റ് നോഡൽ ഐ.ടി.ഐ. യി തന്നെ സൂക്ഷിക്കേണ്ടതാണ്.

4. ഒരു ട്രെയിനിക്ക് തന്നെ ഒന്നിൽ കൂടുതൽ ഹാൾ ടിക്കറ്റ് ലഭിക്കുകയാണെങ്കിൽ ഒരു ഹാൾ ടിക്കറ്റ് ട്രെയിനിക്ക് നൽകുകയും മറ്റുള്ളവ നോഡൽ ഐ.ടി.ഐ. യിൽ തന്നെ DUPLICATE എന്ന് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**20/02/2015 ന് ഒന്നാം സെമസ്റ്റർ പരീക്ഷ ആരംഭിക്കുന്നതിനാൽ ഹാൾ ടിക്കറ്റ് പരിശോധനയും ട്രെയിനികൾക്കുള്ള ഹാൾ ടിക്കറ്റ് വിതരണവും 18/02/2015 ന് തന്നെ പൂർത്തിയാക്കാൻ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും സ്ഥാപന മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

അഡ്മിഷൻ ക്ലോസ്സ് ചെയ്യാത്തതോ അപേക്ഷ മാനുവലായി സമർപ്പിക്കാത്തതോ ആയ ട്രെയിനി പരീക്ഷ എഴുതുവാൻ ഇടയായാൽ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിനും ട്രെയിനി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയ്ക്കും മാത്രമായിരിക്കും പൂർണ്ണ ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഹാൾ ടിക്കറ്റ് വിതരണം നടത്തിയ ശേഷം വിതരണവുമായി ബന്ധപ്പെട്ട നടപടികളുടെ വിശദമായ റിപ്പോർട്ട് പ്രത്യേക ദൂതൻ മുഖാന്തിരം പരീക്ഷാ സെക്ഷനിൽ എത്തിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി1/35904/2014

ചാക്ക, തിരുവനന്തപുരം
തീയതി: 16.02.2015

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-പരീക്ഷാ വിഭാഗം- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2015 (ആദ്യ സെമസ്റ്റർ)- ഹാൾടിക്കറ്റ് വിതരണം നടത്തുന്നത്- ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

ആഗസ്റ്റ് 2014 ൽ അഡ്മിഷനായതും ഫെബ്രുവരി 2015 അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ആദ്യ സെമസ്റ്ററിൽ പരീക്ഷ എഴുതുന്നതുമായ ട്രെയിനികളുടെ ഹാൾടിക്കറ്റുകൾ എം.ഐ.എസ് പോർട്ടൽ വഴിയാണ് ജനറേറ്റ് ചെയ്യുന്നത്. ഇത്തരത്തിൽ എം.ഐ.എസ്. പോർട്ടൽ വഴി ജനറേറ്റ് ചെയ്ത ഹാൾടിക്കറ്റുകൾ ഇന്ന് തന്നെ (16.02.2015ന്) ഇ-മെയിൽ മുഖേന നോഡൽ ഐ.ടി.ഐകൾക്ക് അയക്കുന്നതാണ്. നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തങ്ങളുടേയും തങ്ങളുടെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളിലെയും ഹാൾടിക്കറ്റുകൾ 17.02.2015 ന് പ്രിന്റ് എടുക്കേണ്ടതും താഴെ പറയുന്ന രേഖകൾ പരിശോധിച്ച് ഹാൾടിക്കറ്റുകൾ ടി സ്ഥാപനങ്ങൾക്ക് വിതരണം നടത്തേണ്ടതുമാണ്.

1. ട്രെയിനികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട എല്ലാ രേഖകളും
2. പരീക്ഷയ്ക്ക് ഓൺലൈൻ ആയി അപേക്ഷിച്ചതിന് ശേഷമുള്ള പ്രിന്റ് ഔട്ട്

പ്രസ്തുത വിവരം തങ്ങളുടെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും അടിയന്തിരമായി അറിയിക്കേണ്ടതും 18.02.2015 രാവിലെ 9.00 മണിക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാകാൻ നിർദ്ദേശം നൽകേണ്ടതുമാണ്. 20.02.2015 ന് പരീക്ഷ ആരംഭിക്കുന്നതിനാൽ 18.02.2015 ന് തന്നെ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് വിതരണം നടത്തേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും (ചുമതല നോഡൽ ഐ.ടി.ഐ)
എല്ലാ ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എ-16.2.15